(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തലങ്ങളിലായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം ഓരോ വിഭാഗത്തിലും എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ മേഖലയിൽ പുതുതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തലങ്ങളിലായി സ്വാശ്രയ മേഖലയിൽ അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു:

എഞ്ചിനീയറിംഗ് കോളേജുകൾ	..	48
എം. ബി. എ. സ്ഥാപനങ്ങൾ	..	10
എം.സി.എ. സ്ഥാപനങ്ങൾ	..	27
ബി. എഡ്. കോളേജുകൾ	..	10
മെഡിക്കൽ കോളേജുകൾ	..	6
ഡെന്റൽ കോളേജുകൾ	..	6
നഴ്സിംഗ് കോളേജുകൾ	..	29

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ ഒരു ഡെന്റൽ കോളേജ് അനുവദിച്ചിട്ടുണ്ട്. അനുവദിച്ച മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

86 [638] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയുണ്ടായി; ഇവ ഇനം തിരിച്ച് പേരുൾപ്പെടെ വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗീകാരം നൽകിയ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു:

എഞ്ചിനീയറിംഗ് കോളേജുകൾ	..	48 (അനുബന്ധം 1) †
എം. ബി. എ. സ്ഥാപനങ്ങൾ	..	10 (അനുബന്ധം 2) †
എം.സി.എ. സ്ഥാപനങ്ങൾ	..	27 (അനുബന്ധം 3) †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബി. എഡ്. കോളേജുകൾ	..	10 (അനുബന്ധം 4) †
മെഡിക്കൽ കോളേജുകൾ	..	6 (അനുബന്ധം 5) †
ഡെന്റൽ കോളേജുകൾ	..	6 (അനുബന്ധം 5) †
നഴ്സിംഗ് കോളേജുകൾ	..	29 (അനുബന്ധം 6) †
ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ	..	79 (അനുബന്ധം 7) †

അൺ എയ്ഡഡ് മേഖലയിൽ അനുവദിച്ച പ്ലസ് 2 സ്കൂളുകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുനൽകുന്നതാണ്.

പുതിയ അൺ എയ്ഡഡ് സ്കൂളുകൾ

87 [639] ഡോക്ടർ തോമസ് ഐസക്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. രാധാകൃഷ്ണൻ:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത അദ്ധ്യയന വർഷം പുതിയ അൺ എയിഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ ഘടന സംബന്ധിച്ച് പഠനം നടത്താൻ നിയമിക്കപ്പെട്ട അനന്തമൂർത്തി കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം എത്ര അൺ എയിഡഡ് വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്;

(സി) അൺ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം ഈ വർഷം എത്രയാണ്; കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് എത്ര;

(ഡി) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും എത്ര വിദ്യാർത്ഥികളുടെ കുറവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചതിന് ശേഷം അൺ എയിഡഡ് മേഖലയിൽ വിദ്യാലയങ്ങൾ ഒന്നും തന്നെ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

(സി) ഈ വർഷത്തെ എണ്ണം 28,675. കഴിഞ്ഞ വർഷത്തെക്കാൾ ഉണ്ടായ വർദ്ധനവ് 4,261.

(ഡി) കഴിഞ്ഞ വർഷത്തേക്കാൾ സർക്കാർ സ്കൂളുകളിൽ 74,118 കുട്ടികളും എയിഡഡ് സ്കൂളുകളിൽ 50319 കുട്ടികളും ഈ വർഷം കുറവുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly